**അന്തിമ മറുപടി**

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2613 — 19.03.2015 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ട്രഷറി നിക്ഷേപം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി.കെ.ഗുരുദാസൻ :** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുമ്പോൾ പലിശ ഇനത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇപ്പോൾ ബാങ്ക് നല്കുന്ന പലിശ എത്ര ശതമാനം എന്നറിയിക്കുമോ ; | (എ) ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് കൂടുതലായതിനാൽ പലിശ ഇനത്തിൽ നഷ്ടം ഉണ്ടാകുന്നില്ല. നിലവിൽ ബോർഡിന്റെ ഒരു വർഷ കാലത്തേയ്ക്കുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് ദേശസാൽകൃത ബാങ്കുകൾ/ഷെഡ്യൂൾഡ് ബാങ്കുകൾ 8.8% മുതൽ 9.1% വരെ പലിശ നിരക്കും ജില്ലാ സഹകരണ ബാങ്കുകൾ 9.5% മുതൽ 10.75% വരെ പലിശ നിരക്കും നല്കി വരുന്നു. |
| (ബി) ഇതു സംബന്ധിച്ച തൊഴിൽ വകുപ്പിന്റെ നിലപാട് വിശദമാക്കുമോ ? | (ബി) സാമ്പത്തികമായി സുസ്ഥിരമായ ക്ഷേമനിധി ബോർഡുകളാണ് ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യ വിതരണം ഇതു കൊണ്ട് തടസ്സപ്പെട്ടിട്ടില്ല. |

Deepa

സെക്ഷൻ ഓഫീസർ